പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 274 13.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാനുള്ള നടപടികൾ

ചോദ്യം

ശ്രീ. കോവൂർ കുഞ്ഞുമോൻ
" കെ. കൃഷ്ണൻകുട്ടി
" സി.കെ.നാണു
" കെ.ബി.ഗണേഷ് കുമാർ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ തമിഴ് നാട്ടിലേതിനു സമാനമായി ഡ്രൈവർ സീറ്റിനു പുറകിൽ ടി.വി. സ്ഥാപിച്ചും മ്യൂസിക് ബോക്സുകൾ സ്ഥാപിച്ചും പരസ്യങ്ങൾക്കുള്ള അവസരം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിൽ ടി.വി. സ്ഥാപിച്ച് പരസ്യം ആകർഷിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | ഡ്രൈവർ സീറ്റിനു പിന്നിൽ ടി.വി., മ്യൂസിക് ബോക്സുകൾ എന്നിവ സ്ഥാപിച്ച് പരസ്യങ്ങൾക്കുള്ള അവസരം സൃഷ്ടിക്കുന്നത് കേരള മോട്ടോർ വെഹിക്കിൾ റൂൾ പ്രകാരം അനുവദനീയമല്ല. കെ.എസ്.ആർ.ടി.സിയുടെ വിവിധ യൂണിറ്റുകളിൽ ലൈസൻസ് അടിസ്ഥാനത്തിൽ സി.സി.ടി.വി സംവിധാനം നടപ്പിലാക്കി പരസ്യ പ്രദർശനം നടത്തി വരുന്നു. വരുമാന സാധ്യത കണക്കിലെടുത്ത് കൂടുതൽ സി.സി.ടി.വി. സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളോടൊപ്പം സ്ഥാപിക്കപ്പെട്ട ഷോപ്പിംഗ് കോംപ്ലക്സുകൾ മാർക്കറ്റ് റേറ്റിന് വാടകയ്ക്ക് നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതുവരെ നിർമ്മിക്കപ്പെട്ട ഏതൊക്കെ കോംപ്ലക്സുകൾ സമയ ബന്ധിത | (ബി) | കെ.എസ്.ആർ.ടി.സിയുടെ അധീനതയിലുള്ള വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ ആവശ്യക്കാർക്ക് നൽകി വരുന്നത് അവരിൽ നിന്നും ഉയർന്ന, പലിശരഹിത സുരക്ഷിത നിക്ഷേപം (IFSD) സ്വീകരിച്ചും, ചതുരശ്ര അടി കണക്കാക്കി വാടക ഈടാക്കിയുമാണ്. കെ.എസ്.ആർ.ടി.സി. പലിശരഹിത നിക്ഷേപം സമാഹരിച്ച് നിർമ്മാണം പൂർത്തീകരിച്ച നെടുമങ്ങാട്, കാട്ടാക്കട, കാസർഗോഡ്, നെയ്യാറ്റിൻകര, പയ്യന്നൂർ, കൊട്ടാരക്കര എന്നീ ബസ് സ്റ്റേഷനുകളിലെ വാണിജ്യ |

| | | | |
|---|---|---|---|
| | മായി വാടകയ്ക്ക് നൽകുവാൻ സാധിക്കുമെന്നും ആ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | | സമുച്ചയങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, ഹരിപ്പാട്, നിലമ്പൂർ, മലപ്പുറം എന്നിവിടങ്ങളിലെ ബസ് സ്റ്റേഷനുകളിലെ വാണിജ്യ സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാർക്കറ്റ് റേറ്റ് അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>കെ.എസ്.ആർ.ടി.സി.യുടെ കോഴിക്കോട്, അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) എന്നിവിടങ്ങളിൽ കെ.റ്റി.ഡി.എഫ്.സി., ബി.ഒ.ടി അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അങ്കമാലിയിൽ 12 തവണ ടെണ്ടർ വിളിക്കുകയും 75% സ്ഥലം വാടകയ്ക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തെ സമുച്ചയം വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 9 തവണ ടെണ്ടർ വിളിച്ച് സ്ഥലം അനുവദിച്ചിട്ടുണ്ട്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കമ്മീഷനുകൾ, ബോർഡുകൾ, സർക്കാർ ഓഫീസുകൾ എന്നിവ ഒഴിവുള്ള സ്ഥലങ്ങളിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം സന്നദ്ധരായ സ്ഥാപനങ്ങൾ/വകുപ്പുകൾ സ്ഥലം ഏറ്റെടുക്കുമ്പോൾ 86% സ്ഥലത്തിന്റെ അലോട്ട്മെന്റ് പൂർത്തിയാകുന്നതാണ്. കോഴിക്കോട് മൂന്ന് തവണ ടെണ്ടർ വിളിക്കുകയും മൂന്നാം തവണ സ്ഥലം മുഴുവനായി ഒരു സ്ഥാപനം ടെണ്ടർ പിടിച്ചെങ്കിലും പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത മറ്റു കക്ഷികൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. കൂടാതെ, കോഴിക്കോട് നഗരസഭയിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കാത്തതും പദ്ധതിയുടെ പൂർത്തികരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തിരുവല്ല വാണിജ്യ സമുച്ചയത്തിലെ സ്ഥലം 5 പ്രാവശ്യം ടെണ്ടർ ചെയ്തു. ആകെ 22% സ്ഥലം വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിടത്തിന് ഫയർ സർവ്വീസിന്റെ എൻ.ഒ.സി. ലഭിക്കാത്തതിനാൽ ബാക്കി സ്ഥലത്തിന്റെ ടെണ്ടർ നടപടികൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി. നിലവിൽ നടത്തിവരുന്ന കൊറിയർ സർവീസ് കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ പുതിയ ഏജൻസിയെ ഏൽപ്പിക്കാനും മികവാർന്ന സേവനങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | 2015 ൽ പ്രവർത്തനം ആരംഭിച്ച ടാക്കോൺ കൊറിയർ കമ്പനിക്ക് അഞ്ചു വർഷത്തേക്കാണ് ലൈസൻസ് അനുവദിച്ച നൽകിയിരിക്കുന്നത്. ആയതിനാൽ ടാക്കോൺ കൊറിയറിന് രണ്ടു വർഷ ലൈസൻസ് കാലാവധി ബാക്കിയുണ്ട്. |
| (ഡി) | ഗ്രാമീണ മേഖലയിൽ കെ.എസ്.ആർ.ടി.സി. കൊറിയർ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; സർക്കാർ-സഹകരണ-ബാങ്കിംഗ് മേഖലകളിൽ ഇത്തരം സേവനം വ്യാപകമാക്കാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സിയുടെ എല്ലാ യൂണിറ്റുകളിലും കൊറിയർ സംവിധാനം പ്രാവർത്തികമാക്കുന്നതിനാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ള ഏജൻസിയാണ് മറ്റ് മേഖലകളിലേക്ക് സേവനം വ്യാപകമാക്കാൻ നടപടി സ്വീകരിക്കേണ്ടത്. |
| (ഇ) | റെയിൽവേയുടെ മാതൃകയിൽ മറ്റ് കമ്പനികളുടെ കൊറിയർ, പാർസൽ എന്നിവ സ്വീകരിച്ച് വിതരണം ചെയ്യാൻ പ്രത്യേക സർവ്വീസുകൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഇ) | നിലവിലുള്ള കരാർ വ്യവസ്ഥകൾ പ്രകാരം ഈ നിർദ്ദേശങ്ങൾ പരിഗണിക്കാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**